**അമ്മയുടെ ഓർമ**

**ഇ. ഹരികുമാർ**

നേരിട്ട് പരിചയമില്ലെങ്കിലും ബാലാമണിയമ്മ ഞങ്ങളുടെ വീട്ടിലെ സജീവ സാന്നിദ്ധ്യമായിരുന്നു. അവരുടെ കവിതകളെപ്പററിയുള്ള ഒരു പഠനം എന്റെ അമ്മ (ഇ. ജാനകിയമ്മ) തയാറാക്കിയിരുന്നു. 'മാതൃഹൃദയം' എന്ന പേരിൽ ആ ലേഖനം ഉൽബുദ്ധകേരളം വാരികയിൽ 1936 ആഗസ്റ്റ് 21-ാം തീയതിയിലെ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആ ലേഖനമുള്ള പേജും അതിന്റെ കൈയെഴുത്തുകോപ്പിയും ഞാൻ സൂക്ഷിച്ചുവച്ചിട്ടുണ്ട്. രണ്ടു കാരണങ്ങളാൽ എനിക്കവ വിലമതിക്കാൻ കഴിയാത്തതാണ്. ഒന്നാമതായി എന്റെ അമ്മയുടെ ബാല്യത്തിലെ കവിതാകമ്പത്തിന്റെ ഓർമ സൂക്ഷിക്കാൻ. അഞ്ചോ ആറോ കൊല്ലമേ അമ്മ കവിതയുമായി പ്രണയത്തിലായിരുന്നുള്ളൂ. ഏതാനും കവിതകൾ എഴുതി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. പിന്നെ കൂടുതൽ മെച്ചമായ കവിതകൾ എഴുതാൻ കഴിവുള്ള ഒരാളായി പ്രണയത്തിലായപ്പോൾ അമ്മ സ്വന്തമായി കവിതയെഴുത്ത് വേണ്ടെന്നു വെക്കുകയാണുണ്ടായത്. രണ്ടാമത്തെ കാരണം ബാലാമണിയമ്മയോടുള്ള ഇഷ്ടവും ആദരവുമായിരുന്നു. ആരിലും ആദരവ് പിടിച്ചുപററുന്ന ഒരു പ്രകൃതമായിരുന്നു അവരുടേത്. മെലിഞ്ഞ് ദുർബലമായ ശരീരം. വളരെ ലോലമായ ഹൃദയം. കവിതയെഴുത്ത് അവരെ സംബന്ധിച്ചിടത്തോളം ഏകാന്തതയോടുള്ള സമരമായിരുന്നു എന്ന് വീട്ടിൽ പറഞ്ഞുകേട്ടിട്ടുണ്ട്. എനിക്ക് വളരെ ഇഷ്ടപ്പെട്ട കഥാകൃത്തായ മാധവിക്കുട്ടിയുടെ അമ്മയെന്ന പേരിലും എനിക്കവരോട് അളക്കാനാവാത്ത സ്നേഹവും ബഹുമാനവുമുണ്ട്. അവർ അന്തരിച്ചുവെന്നറിഞ്ഞപ്പോൾ ഒരമ്മ ഇല്ലാതായപോലെ സങ്കടം തോന്നുന്നു.

# മാതൃഹൃദയം

**ഇ. ജാനകിയമ്മ**

മാതൃഹൃദയം, ഒരോമനക്കുഞ്ഞിന്റെ പുഞ്ചിരിയിൽ അലിഞ്ഞലിഞ്ഞുപോകുമ്പോൾ മനോഹരവും ലളിതവുമാണ്. അത് പ്രപഞ്ചത്തിന്റെ പേരിൽ കണ്ണീരൊഴുക്കുമ്പോഴാകട്ടെ ശരീരവും ആരാദ്ധ്യവുമായിത്തീരുന്നു. സ്വസന്താനത്തെ ആദ്യമായി മാറോടണയ്ക്കുമ്പോൾ വികാരഭേദങ്ങളാൽ അമ്പരന്നുപോകുമാറ് അത്രയും ഘനം കുറഞ്ഞ അതേ ഹൃദയമാണ്, ലോകത്തിന്റെ എല്ലാ അദ്ഭുതവീക്ഷണങ്ങളേയും തന്നിലേയ്ക്കു ആകർഷിച്ചുകൊണ്ടുനിൽക്കുന്നത്. അതിനെ ഒരു ശിശു, തത്ത്വചിന്തകളിലേയ്ക്കു വലിച്ചുകൊണ്ടുപോകുന്നു. അവിടെ ആ വെളിച്ചത്തിൽവെച്ചു ആത്മപരീക്ഷണം ചെയ്യിക്കുന്നു. അതാ അതിലൊരു ആഹ്ലാദം നിറഞ്ഞൊഴുകുകയായി. ആ വാത്സല്യദ്ധ്വനിയോ, സ്വസന്താനങ്ങൾ എന്ന സങ്കുചിതപരിധിയെ അതിലംഘിച്ചു പ്രപഞ്ചത്തിലെങ്ങും പരന്നൊഴുകി അതിന്നു നിർബാധമായ നിർവൃതി നൽകുന്നു. അപ്പോൾ എത്ര മഹത്തരമായ ഹൃദയമാണ് ഒരു മാതാവിന്റേത്.

ആ ഗംഭീരതയെ അളന്നറിഞ്ഞു അനന്യലബ്ധമായ പാടവത്തോടും അദൃഷ്ടപൂർവമായ ചമൽക്കാരത്തോടും കൂടി ചിത്രീകരിക്കുക എന്ന ദുഷ്കരമായ കൃത്യമാണ് നാലപ്പാട്ട് ബാലാമണിയമ്മ തന്റെ കവനഖണ്ഡങ്ങളാൽ സ്വാധീനിച്ചിട്ടുള്ളത്. സ്വധർമങ്ങളെ ധാത്രികളാക്കി നിർത്തി മാതൃഭാവത്തിന്റെ മധുരിമയോടുകൂടി ബാലലീലകളെ ലാളിച്ചുകൊണ്ടും ദുർഗമങ്ങളായ തത്ത്വചിന്താപഥങ്ങളിലേയ്ക്ക് കുതറിപ്പായുന്ന ചിന്തകളെ പതറിവീഴാതെ നടത്തിക്കൊണ്ടും ഒരു തത്ത്വശാസ്ത്രത്തിന്റെ പ്രൗഢിയും ഒരു താരാട്ടിന്റെ ബാലിശതയും ഇടകലർന്ന ആ സംഗീതശകലങ്ങൾക്കു അനശ്വരത ശ്രുതിപിടിക്കുന്നുണ്ടെന്നു പറയട്ടെ.

സന്താനലാഭം അമ്മയെക്കൊണ്ടു പ്രതിജ്ഞ ചെയ്യിക്കുന്നു. അന്നു മുതൽക്കു സ്വജീവിതത്തെ അതിന്റെ പരിചര്യയ്ക്കുചിതമാംവണ്ണം സുന്ദരമാക്കാം എന്ന്. ഈ ഒരു അഭിപ്രായഗതിയെ സൃഷ്ടിക്കുന്ന ആ ജനനിയുടെ അനുഭവം തികച്ചും ഒരാത്മവിസ്മൃതിതന്നെ. അതേ, ആ മാതാവ് സ്വന്തം വ്യക്തിത്വത്തെ വിസ്മരിക്കുക തന്നെ ചെയ്യുന്നു; പിന്നീട് അതിനെ തുടരുന്നത് മാതാവെന്ന നിലയ്ക്കുമാത്രം! ആ മാതൃഭാവത്തിന്നു സ്വയം അർഹയാകുന്നതു എത്ര ശ്രമാവഹമായ കൃത്യമാണെന്നറിയായ്കയല്ല; ആ പ്രതിജ്ഞയോടുകൂടെത്തന്നെ, അതു നിർവഹിക്കുന്നതിലുള്ള വിഷമതകളും തലയുയർത്തി വരുന്നു. ആ പരിമൃദുലമായ പരിശുദ്ധിയെ ഒന്നു തലോടുവാൻ നോക്കുമ്പോഴാണ്, തന്റെ കൈകൾക്കു പാപകർമങ്ങളാലുണ്ടായ പരുപരുപ്പും മാലിന്യവും ബോധപ്പെടുന്ന്. ആ സദ്ഗുണകേന്ദ്രത്തെ സ്വന്തമാക്കാൻ വെമ്പിനിൽക്കുന്ന തന്റെ ഹൃദയമോ, ചാപല്യങ്ങളെ നിരന്തരം സൽക്കരിച്ചു പോന്നതുമാണ്!

ഈ ആത്മപരീക്ഷണത്തിൽനിന്നുണ്ടായ വ്യാകുലതയിൽനിന്ന് എന്തായാലും അവർ ഒരു ധന്യതയെ തപ്പിയെടുക്കുക തന്നെ ചെയ്യുന്നു. മഹത്തായ ഒരു തപശ്ശക്തി തന്നിൽ മറഞ്ഞുകിടപ്പു

ണ്ടെന്ന്; ഇല്ലെങ്കിലുണ്ടോ ഈദൃശ്യമായ ഒരു ദിവ്യവസ്തു കൈവരുന്നു!

ഈ തിരിച്ചുപോരലിൽ, തന്റെ സ്തന്യത്തിലെ വെൺമതന്നെ. അവരുടെ സ്വവിശുദ്ധിശങ്കയെ ഒട്ടൊട്ടു തീർത്തുകൊടുക്കുന്നു. അപ്പോഴും അവരുടെ ആശീർവാദം, ആ മുലപ്പാലിലെ ദുർബലത ഓമനയിൽ അപൂർണതയെ ചേർക്കാതിരിക്കട്ടെ എന്നുതന്നെ.

ഈ ആശിസ്സിന്റെ ഗഹനാർഥത്തെ അതിൽ അടങ്ങിയിരിക്കുന്ന തത്ത്വത്തിന്റെ ഒരു സ്ഫുടമായ വ്യാഖ്യാനത്തെ, നമുക്കു അന്യത്ര ദർശിക്കാം. ഈ ലോകത്തിൽ നിഷ്കളങ്കതയ്ക്ക് ഒരിക്കലും കാൽവെപ്പ് ഉറക്കാറില്ലെന്നതാണ്. രണ്ടടിവെച്ചു വീണ്ടും അമ്മയുടെ കരങ്ങളിൽ പറ്റിപ്പിടിക്കുന്ന കൊച്ചുമകൾ കൊണ്ടുവന്നുകൊടുക്കുന്നത് അപ്പോഴും ആ നിഷ്കളങ്കതയുടെ മാർഗദർശിയാവാൻ തനിക്കുള്ള അർഹതയെപ്പററി അവർ ചോദ്യം ചെയ്യുകയായി. താൻ തന്നെ ജീവിത ദുർഗങ്ങളിൽ നേർവഴി തേടിത്തിരിയുന്നവളാണ്! ഇത്തരം ഒരു ചിന്തയിലേയ്ക്കു ചെന്നു നമ്മുടെ വല്ല അമ്മമാരും ലേശമെങ്കിലും വ്യാകുലത കൊള്ളുമാറുണ്ടോ, ആവോ! തന്റെ കുട്ടി എങ്ങനെ വളരണമെന്നു ഓരോ അമ്മയും പക്ഷേ, പ്രസവത്തിനു മുൻപുതന്നെ നിശ്ചയിച്ചുകഴിയുന്നു. ജീവിതത്തെപ്പററി തങ്ങൾക്കുള്ള അഭിപ്രായങ്ങളെക്കൊണ്ടു കെട്ടിപ്പടുത്ത ഈററില്ലത്തിൽവെച്ചു അവരുടെ പ്രസവം കഴിയുന്നു. സ്വതന്ത്രചിന്താശീലത്തെ അവർ പൊക്കിൾക്കൊടിയോടുകൂടി മുറിച്ചുകളയുന്നു!

മാമൂലിനോ ഉൽക്കർഷത്തിനോ കീഴ്പ്പെടാതെ, ആലസ്യത്തിനോ അവിവേകത്തിനോ വിധേയയാകാതെ സർവോപരി യാതൊന്നിനേയും കണ്ണടച്ച് അനുകരിക്കാതെ ആത്മവിശ്വാസത്തോടെ മുന്നോട്ടു പോകാനേ ഈ മാതാവ് ഉപദേശിക്കുന്നുള്ളൂ. ബാല്യത്തിന്റെ ദൗർബല്യത്തെപ്പററി ഭയപ്പെടുന്നതിനുപകരം, അതിന്റെ ആത്മശുദ്ധിയിലും അതിനു സ്വയം വലുതാകാനുള്ള അവകാശത്തിലും വിശ്വസിക്കുന്നതാണ് നല്ലത്. ഈ വിശ്വാസം മൂലം അഥവാ ശൈശവത്തോടുള്ള ഈ ബഹുമാനം മൂലം 'എന്നു ഞാനമ്മയെപ്പോലെ വലുതാകും'. എന്ന മകന്റെ ചോദ്യം അമ്മയെ മറെറാരു ചോദ്യത്തിലേയ്ക്കും, പിന്നീടു മറ്റൊന്നിലേയ്ക്കുമായി എത്തിച്ച് ഒടുവിൽ പ്രപഞ്ചഗതിയുടെ മർമസ്ഥാനത്തു കൊണ്ടുചെന്നു നിർത്തുന്നു.

"ശാന്തിലബ്ധിക്കായ് പ്രപഞ്ചമഹാനദി
നീന്തിക്കടന്നു പകലോരോന്നും
വൻതമോലോകങ്ങൾ പിന്നിട്ടണയുന്നു
താൻതാൻ പുറപ്പെട്ട ദിക്കിലെങ്കിൽ;
ആ മധുരോഷസ്സിൻ പുണ്യസ്മരണയാ-
ലായുരാന്തത്തിലുത്തേജിതനായ്,
ആദിസൗഭാഗ്യത്തെ തപ്പിപ്പിടിപ്പാനാ-ണാഴി
യിൽ മുങ്ങുന്നതർക്കനെങ്കിൽ,
കാമ്യപ്രഭാതത്തെക്കൈവിട്ടതിനെത്താൻ
കാൺമാൻ കുതിയ്ക്കുമത്തേജപ്പുഞ്ജം,
നിത്യം നഭസ്സിന്റെ ചില്ലിൽപ്പതിയുന്ന
മർത്ത്യന്റെയാത്മാവു തന്നെയെങ്കിൽ,
അമ്മയുമാശിയ്ക്കാമാത്മസംശുദ്ധിയിൽ-
ത്തന്മകനോളം വലുതാകുവാൻ."

ഇങ്ങനെ, നമ്മുടെ ഈ യുവകവിയത്രി, മകന്റെ ലഘുജിജ്ഞാസകളെക്കൊണ്ടു തന്റെ ഹൃദയത്തിന്നുണ്ടാക്കിയ സുവിശാലതയിലേയ്ക്ക്, ഒരു സുന്ദരമായ മൈതാനത്തിലേയ്ക്കെന്നപോലെ, സ്ഥാവരജംഗമാത്മകമായ പ്രപഞ്ചം മുഴുവൻ, ഓമനപ്പൈതങ്ങളുടെ ഒരു വലിയ സൈന്യമായി പാഞ്ഞുകയറുന്നു. അവർ അചേതനമായ ഒരു പാഴ്മണൽത്തരിയേയും വാത്സല്യപൂർവം തലോടുന്ന പുലരിയെ ഒരാദർശമാതാവായി വീക്ഷിക്കുന്നു. "അമ്മേ, എന്റെ ഈ പൂച്ചക്കുട്ടിയെക്കൂടി ഉമ്മവെക്കു" എന്നു ശാഠ്യം പിടിച്ചു കണ്ണീരൊലിപ്പിച്ചുകൊണ്ടിരിക്കുന്ന ഓമനയെ തന്റെ അന്തരാത്മാവിലെ വാത്സല്യം കൊണ്ടു പ്രപഞ്ചത്തെ നനയ്ക്കാൻ 'ശാശ്വതകർഷകൻ' നിർമിച്ച നീർച്ചാലുപോലെ കാണുന്ന കണ്ണുകൾ ആ സ്ഥിതിയിലെത്തിയ ലോകപാവനിയായ ഒരു ജനനിയുടേതാണ്. ആ വാത്സല്യം വഴിയുന്ന കണ്ണുകൾ ഏതു ദുർഭഗജീവിയിലും ഓമനയുടെ സൗന്ദര്യത്തെ കണ്ടെത്തുന്നു. ആര്യസിദ്ധാന്തങ്ങൾ ഘോഷിക്കുന്നു. പരിപൂർണഭക്തന് ഇഷ്ടദേവതയെ ഏതിലും കാൺമാൻ കഴിയുമെന്ന്. ആ നിലയിലെത്തിയവർ മഹത്വത്തിന്റെ ഉച്ചം പ്രാപിച്ചവരെന്നു നിസ്സംശയം പറയാം.

വാത്സല്യം ആരാധനത്തിന്റെ രൂപാന്തരമാണ്. ഈശ്വരനോടുള്ള പ്രേമത്തിന്റെ പര്യായശബ്ദമാണ്. തന്റെ ആരാധനാമൂർത്തിയായ പൈതലിലൂടെ ഒരു മാതാവിന്നു പ്രപഞ്ചമാകെ - അതു തന്നെയാണല്ലോ ഈശ്വരൻ - വാത്സല്യഭാജനമാകുന്നു. അവർക്ക് ഈശ്വരസാക്ഷാൽക്കാരമുണ്ടാകുന്നു. ആ ഉൽകൃഷ്ടാദർശത്തിലെത്തിയ മഹതിയുടെ ഭാവനാവിലാസം ഈ വരികളെ ലോകോത്തരങ്ങളാക്കിയിരിക്കുന്നു:

"മന്നിലിഴഞ്ഞു നടക്കും പുഴുവെയു-
മൊന്നുലാളിപ്പതിനെൻ കൈകൾ വെമ്പവേ

വാനിലേയ്ക്കാരാൽക്കുതിക്കുന്നു പക്ഷിത
ന്നാനന്ദവയ്പിലും ഞാൻ പങ്കെടുക്കവേ
അല്പം ചതഞ്ഞൊരു പുല്ലിൻകൊടിയുമെ-
ന്നക്ഷികളിൽ ദുഃഖബാഷ്പം നിറയ്ക്കവേ
കൺമണി നിന്നെക്കണക്കെക്കളിയ്ക്കുമി-
കർമപ്രപഞ്ചത്തെ ഞാനെന്നു കാണുമേ
അന്നുതാൻ കല്പായുതങ്ങൾ തൻ കൈവേല
തീർന്നുമേ മാതൃഹൃദയം സുരൂപമാം”

ഉൽബുദ്ധകേരളം വാരിക – 1936 ആഗസ്റ്റ് 21